**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4977** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഫ്ലൈ ഓവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനപാതകളിൽ ഫ്ലൈ ഓവർ നിർമ്മാണത്തിനായുള്ള എത്ര പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനപാതകളിൽ ഫ്ലൈഓവർ നിർമ്മാണത്തിനായി നിലവിലുള്ള പ്രൊപ്പോസലുകൾ ചുവടെ പറയുന്നവയാണ്<br><br>1. മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തിലെ ജസീല ജംഗ്ഷനിലെ ഫ്ലൈഓവർ.<br><br>2. മലപ്പുറം ജില്ലയിലെ വേങ്ങര ഫ്ലൈ ഓവർ.<br><br>3. തൃശ്ശൂർ ജില്ലയിലെ മമ്മിയൂർ ഫ്ലൈ ഓവർ.<br><br>4. കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഫ്ലൈഓവർ.<br><br>5. കോഴിക്കോട് ജില്ലയിലെ അരീക്കാട് ഫ്ലൈഓവർ.<br><br>6. കണ്ണൂർ ജില്ലയിലെ മേലെചൊവ്വ ഫ്ലൈഓവർ.<br><br>7. കണ്ണൂർ ജില്ലയിലെ സൗത്ത് ബസാർ ഫ്ലൈഓവർ.<br><br>8. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി ഫ്ലൈഓവർ.<br><br>9. തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ഫ്ലൈഓവർ.<br><br>10. മലപ്പുറം ജില്ലയിലെ കിഴക്കേത്തല ചെമ്മുപാലം ഫ്ലൈഓവർ.<br><br>11. കോഴിക്കോട് ജില്ലയിലെ കൊട്ടുവള്ളി - സിറാജ് ഫ്ലൈഓവർ.<br><br>12. തൃശ്ശൂർ ജില്ലയിലെ കൊക്കാല & കിഴക്കേകോട്ട ഫ്ലൈഓവർ.<br><br>13. മലപ്പുറം ജില്ലയിലെ തിരൂർ - ചമ്രവട്ടം ഫ്ലൈഓവർ.<br><br>14. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഫ്ലൈഓവർ. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര ഫ്ലൈ ഓവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഓരോന്നും നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഫ്ലൈ ഓവറുകൾ ചുവടെ പറയുന്നവയാണ്<br><br>1. തൃശ്ശൂർ ജില്ലയിലെ മമ്മിയൂർ ഫ്ലൈഓവറിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>2. ചെറുവണ്ണൂർ ഫ്ലൈഓവറിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3. അരീക്കാട് മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. RR പാക്കേജ് അംഗീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഫ്ലൈ ഓവർ നിർമ്മാണത്തിന് ഓരോ സ്ഥലത്തും നിർവ്വഹണ ഏജൻസി ആരാണെന്നും എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

-11

## അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | നിർമ്മാണ ഏജൻസി | നാളിതുവരെ ചിലവഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | മേലെചൊവ്വ ഫ്ലൈഓവർ | ആർ ബി ഡി സി കെ | ഭൂമി ഏറ്റെടുക്കലിനായി ചിലവഴിച്ച തുക - 15.43 കോടി | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| 2 | സൗത്ത് ബസാർ ഫ്ലൈഓവർ | ആർ ബി ഡി സി കെ | ഭൂമി ഏറ്റെടുക്കലിനായി ചിലവഴിച്ച തുക – 73.16 കോടി | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 3. | ചങ്ങനാശ്ശേരി ഫ്ലൈഓവർ | ആർ ബി ഡി സി കെ | ഭൂമി ഏറ്റെടുക്കലിനായി ചിലവഴിച്ച തുക – 13.14 കോടി | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 4. | പേരൂർക്കട ഫ്ലൈഓവർ | ആർ ബി ഡി സി കെ | ഭൂമി ഏറ്റെടുക്കലിനായി ചിലവഴിച്ച തുക – 90.39 കോടി | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 5 | മലപ്പുറം കിഴക്കേത്തല ചെത്തുപാലം ഫ്ലൈ ഓവർ | ആർ ബി ഡി സി കെ | - | തൽക്കാലം നിലവിലുള്ള റോഡും, ജംഗ്ഷനും വീതി കൂട്ടുന്ന പ്രവൃത്തി മാത്രം പരിഗണിച്ചാൽ മതിയെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. |
| 6 | കൊട്ടവള്ളി – സിറാജ് ഫ്ലൈഓവർ | ആർ ബി ഡി സി കെ | - | നിലവിലുള്ള റോഡും, ജംഗ്ഷനും വീതി കൂട്ടുന്ന പ്രവൃത്തി മാത്രം പരിഗണിച്ചാൽ മതിയെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. |
| 7 | കൊക്കാല & കിഴക്കേകോട്ട ഫ്ലൈഓവർ | ആർ ബി ഡി സി കെ | - | ഡി പി ആർ തയ്യാറാക്കി വരുന്നു. |
| 8 | തിരൂർ – ചമ്രവട്ടം ഫ്ലൈഓവർ | ആർ ബി ഡി സി കെ | - | കിഫ്ബി നിർദ്ദേശ പ്രകാരം താൽക്കാലിമായി നിർത്തിവെച്ചിട്ടുള്ളതാണ് |
| 9 | കാഞ്ഞങ്ങാട് ഫ്ലൈഓവർ | ആർ ബി ഡി സി കെ | - | കിഫ്ബി നിർദ്ദേശപ്രകാരം താൽക്കാലിമായി നിർത്തിവെച്ചിട്ടുള്ളതാണ് |
| 10 | അരീക്കാട് ഫ്ലൈഓവർ | കെ ആർ എഫ് ബി | | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |

| | | | | |
|---|---|---|---|---|
| 11 | ചെറുവണ്ണൂർ ഫ്ലൈഓവർ | കെ ആർ എഫ് ബി | | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 12 | ജസീല ജംഗ്ഷൻ ഫ്ലൈഓവർ | പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം | | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 13 | വേങ്ങര ഫ്ലൈഓവർ | പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം | | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. |
| 14 | മമ്മിയൂർ ഫ്ലൈഓവർ | പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം | | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |